## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 527** | **02-02-2023 - ൽ മറുപടിയ്ക്ക്**

## നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതി വെട്ടിപ്പ് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ? | (എ) | ജി.എസ്.റ്റി വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം ഊർജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, രജിസ്ട്രേഷൻ ബാധ്യത ഉള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തുടനീളം ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. അണ്ടർ വാല്യുവേഷൻ കേസുകൾ, ബില്ല് തുടങ്ങിയവ ജി.എസ്.റ്റി പോർട്ടലിലേക്ക് അപ് ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി .<br><br>ഇവകൂടാതെ വാഹന പരിശോധന ഫാറങ്ങൾ പൂർണമായും ഓൺലൈൻ ആയി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . ജി എസ് ടി യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇത്തരം നികുതിവെട്ടിപ്പിനെതിരെ ഉള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ജി എസ് ടി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5 കോടിക്ക് മുകളിൽ ഇൻപുട്ട് ടാക്സ് തട്ടിപ്പ് നടത്തിയ 6 വ്യക്തികളെ സംസ്ഥാന ചരക്കു സേവന നികുതി നിയമപ്രകാരം അറസ്റ്റ് ചെയ്യുകയുണ്ടായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ പുനഃസംഘടനയുടെ ഭാഗമായി ഓഡിറ്റ് വിഭാഗം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകൾ സൂക്ഷ്മ |

| | | | |
|---|---|---|---|
| | | | പരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പദ്ധതികളും ("ലക്കി ബിൽ " സമ്മാന പദ്ധതി, ഇൻഫോർമർ റിവാർഡ് സ്കീം) നടപ്പിലാക്കി വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ